## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2579** **12.06.2018 -ൽ മറുപടിയ്ക്ക്**

**മൂന്നാറിലെ നീലക്കുറിഞ്ഞി സീസൺ**

ചോദ്യം — ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :

മറുപടി — ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മൂന്നാറിൽ ഈ വർഷത്തെ നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമീകരണങ്ങളാണ് ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | ഈ വർഷം നീലക്കുറിഞ്ഞി പൂക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>• "Neelakurinji Season 2018" സംബന്ധിച്ച് ഒരു ഓൺലൈൻ പ്രൊമോഷൻ കാമ്പയിൻ നടപ്പാക്കി വരുന്നു. .<br>• "Expansion of Ecotourism Activities at Silent Valley, Rhodovalley and Meesapulimala in Munnar" 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>• സ്റ്റഡി ഓൺ ട്രാഫിക് & ക്രൗഡ് മാനേജ്മെന്റ് സ്കീംസ് ഫോർ കുറിഞ്ഞി ഫ്ലവറിംഗ് സീസൺ ഇൻ മൂന്നാർ എന്ന പദ്ധതിക്ക് 10 ലക്ഷം രൂപ ഇടുക്കി ഡിറ്റിപിസിക്ക് അനുവദിച്ചിട്ടുണ്ട്<br>• ക്യാരിയിംഗ് കപ്പാസിറ്റി സ്റ്റഡീസ് ഇൻ ഇക്കോ ടൂറിസം ഏരിയ എന്ന പദ്ധതിക്കായി 55,70,000/- രൂപ അനുവദിച്ചിട്ടുണ്ട് ഇതിൽ ഇരവികുളം നാഷണൽ പാർക്ക്, സൈലന്റ് വാലി, ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി, പെരിയാർ ടൈഗർ റിസർവ്, പറമ്പികുളം ടൈഗർ റിസർവ് എന്നീ പ്രദേശങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്<br>• ഡെവലപ്മെന്റ് ഓഫ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം അറ്റ് ദേവികുളം പദ്ധതിക്ക് സർക്കാർ 45 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br>• ഇംപ്രൂവ്മെന്റ് ഓഫ് ഫെസിലിറ്റീസ് ഫോർ വിസിറ്റേഴ്സ്, കൺസ്ട്രക്ഷൻ ഓഫ് കഫറ്റേരിയ കം എന്റർടൈയിൻമെന്റ് സെന്റർ എന്ന പദ്ധതിയ്ക്കായി 1,27,70,000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.<br>• KTDC യുടെ കീഴിലുള്ള ഹോട്ടലുകൾ മോടിപിടിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ നടന്നു വരുന്നു.<br>• നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ട് കൊണ്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡിറ്റിപിസി ഇടുക്കി മുഖാന്തിരം ഒന്നരക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിലാണ്. ഇത് കൂടാതെ നീലക്കുറിഞ്ഞി സീസണുമായി മൂന്നാർ മേഖലയിൽ ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മറ്റ് രണ്ട് പദ്ധതികളും(130 ലക്ഷം)സർക്കാരിന്റെ പരിഗണനയിലുണ്ട് |

| | | | |
|---|---|---|---|
| ബി) | ഈ സീസണിൽ മൂന്നാറിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള ടൂറിസ്റ്റുകളുടെ വൻതിരക്ക് കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കുറയ്ക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) | ഏകദേശം പത്ത് ലക്ഷത്തോളം സഞ്ചാരികൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിലെ സ്ഥിതിയിൽ പ്രതിദിനം പരമാവധി 4000 സന്ദർശകരെ മാത്രമെ പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ അടിമാലി മുതൽ ഇരവികുളം വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ ബുക്കിംഗ് മുഖേന പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അടിമാലിയിൽ നിന്നും ടൂറിസ്റ്റുകളെ പ്രത്യേകം ബസുകളിൽ (KSRTC/DTPC) ടി സ്ഥലത്തേക്ക് എത്തിക്കാനും അനുബന്ധ സൗകര്യങ്ങൾ/സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും വനം, പോലീസ്, റവന്യൂ, വൈദ്യുതി , വാട്ടർ അതോറിറ്റി, ആർ.ടി.ഒ തുടങ്ങിയ ഏജൻസികളുടെ ഏകോപനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.<br>നീലക്കുറിഞ്ഞി 2018 സീസണുമായി ബന്ധപ്പെട്ട് കൊണ്ടുള്ള ട്രാഫിക് പ്രശ്നങ്ങൾ സംബന്ധിച്ച് നാറ്റ്പാക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഡിറ്റിപിസ് ഇടുക്കി മുഖാന്തിരം ഒന്നരക്കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | സംസ്ഥാനത്തുണ്ടായ നിപ വൈറസ് ബാധ നീലക്കുറിഞ്ഞി സീസണെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുണ്ടോ;എങ്കിൽ ഇത് മറികടക്കുവാനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ? | സി) | സാദ്ധ്യതയില്ല. നിപ്പ വൈറസ് ബാധിതമായ രണ്ട് ജില്ലകളായ മലപ്പുറവും കോഴിക്കോട്ടും വിനോദസഞ്ചാര കേന്ദ്രങ്ങൾ കുറവുള്ള ജില്ലകളാണ്. മാത്രമല്ല, അവിടങ്ങളിലെ നിപ്പ വൈറസ് ബാധ നിയന്ത്രണ വിധേയവുമാണ്. ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരും, ടൂറിസം വ്യവസായ പ്രതിനിധികളുമായി 27.05.2018 ൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വിനോദസഞ്ചാരികളുടെ വരവിൽ മാറ്റമൊന്നുമുണ്ടായിട്ടില്ല എന്നും എന്നാൽ പ്രീ ബുക്കിംഗിൽ 10% കുറവ് സംഭവിച്ചിട്ടുണ്ടെന്നുമാണ് വിലയിരുത്തിയിട്ടുള്ളത്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ